17711
10/8/17

File No.FWLD-B1/183/2016-FWLD

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ്- ദേവികുളം റെയിഞ്ചിലെ പാലാർ ചെക്ക് പോസ്റ്റ് പ്രവർത്തിക്കുന്ന കെട്ടിടം പുനരുദ്ധരിച്ച് കാര്യക്ഷമമാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(സാധാ)/304/2017/വനം തിരുവനന്തപുരം, തീയതി, 07/08/2017

---

പരാമർശം:- 1) അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) - ടെ 28/11./2015, 08.02.2017 എന്നീ തീയതികളിലെ-ലെ പ്രൊ(6)-55813/15 നമ്പർ കത്ത്.

2) പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരത്തിന്റെ 06.11.2016ലെ പ്രൊ(6)-55813/15 നമ്പർ കത്ത്.

ഉത്തരവ്

മൂന്നാർ ഡിവിഷനിലെ ദേവികുളം റെയിഞ്ചിലെ പാലാർ ചെക്ക് പോസ്റ്റ് നിലവിൽ നോട്ടിഫൈ ചെയ്തിട്ടില്ല. ടി ചെക്ക്പോസ്റ്റ് നിലവിൽ ദേവികുളം റെയിഞ്ചിലെ അരുവിക്കാട് സെക്ഷനിലെ സ്റ്റാഫിനെ റൊട്ടേഷൻ സമ്പ്രദായത്തിൽ നിയമിച്ചാണ് പ്രവർത്തിക്കുന്നത്. ചെക്ക് പോസ്റ്റ് നോട്ടിഫൈ ചെയ്യുന്നതിനും ചെക്ക് പോസ്റ്റിന്റെ സുഗമവും കാര്യക്ഷമവുമായ പ്രവർത്തനത്തിന് അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനും നിലവിലെ കെട്ടിടം പുനരുദ്ധരിച്ച് കാര്യക്ഷമമാക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) പരാമർശം (1) പ്രകാരം പ്രപ്പോസൽ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സ്) ന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ മൂന്നാർ ഡിവിഷനിലെ ദേവികുളം റെയിഞ്ചിലെ

പാലാർ ചെക്ക് പോസ്റ്റിന്റെ സുഗമമായ പ്രവർത്തനത്തിന് നിലവിലെ കെട്ടിടം പുനരുദ്ധരിച്ച് കാര്യക്ഷമമാക്കുന്നതിന് 7 ലക്ഷം രൂപ അനുവദിച്ചു കൊണ്ട് ഉത്തരവാകുന്നു. പ്രസ്തുത ആവശ്യത്തിലേയ്ക്കുള്ള ചെലവ് 4406-01-070-97-കെട്ടിടങ്ങൾ (പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 6.50 കോടി രൂപയിൽനിന്ന് കണ്ടെത്താവുന്നതാണ്. തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് നിലവിലെ സ്ഥിതി തുടരേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഗിരിജ കുമാരി.ജി**

**ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്), തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ & ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്(Agri-A2/85/2017/Fin)
✓വെബ് ആന്റ് ന്യൂ മീഡിയ
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ